**കേരള സർക്കാർ**

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി മലപ്പുറം ജില്ലാ കളക്ടറുടെ പേരിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **3178/2018/ധന.** തിരുവനന്തപുരം, തീയതി **04.04.2018**

പരാമർശം - 1. 10.11.2017 ലെ സ.ഉ. (സാധാ) നം. 8514/2017/ധന

2. 20.01.2018 ലെ സ.ഉ. (സാധാ) നം. 499/2018/ധന

3. ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ 05.02.2018 ലെ 2049/പ്രോജക്റ്റ്/2017/ന്യൂ.ക്ഷേ.ഡ നമ്പരായുള്ള കത്ത്

**<u>ഉത്തരവ്</u>**

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കുവേണ്ടി. അനുവദിക്കുന്ന തുക നിക്ഷേപിക്കുന്നതിന് പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലാ കളക്ടർമാരുടെ പേരിൽ അതത് ജില്ലാ ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് സൂചനയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ മലപ്പുറം ജില്ല ഇതിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അതിനാൽ മലപ്പുറം ജില്ലക്കുകൂടി ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽക ണമെന്ന് ന്യൂനപക്ഷക്ഷേമ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, മലപ്പുറം ജില്ലാ കളക്ടറുടെ പേരിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, മലപ്പുറം

ന്യൂനപക്ഷക്ഷേമ ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം

ന്യൂനപക്ഷക്ഷേമ വകുപ്പ് (e-file No: MW2/204/2017-GAD പ്രകാരം)

ധനകാര്യ (WW) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ